# അഴൂർ കുടുംബശ്രീ സി ഡി എസ്

## ആമുഖം

തിരുവന്തപുരം ജില്ലയിൽ പോത്തൻകോട് ബ്ലോക്കിൽ ഉൾപ്പെടുന്ന ഒരു തീരദേശ പ്രദേശമാണ് അഴൂർ ഗ്രാമ പഞ്ചായത്.തെക്കു മംഗലാപുരം ഗ്രാമ പഞ്ചായത്തും പടിഞ്ഞാറു കഠിനംകുളം ഗ്രാമ പഞ്ചായത്തും വടക്കു കിഴുവിലം,ചിറയിൻകീഴ്ഗ്രാമപഞ്ചായത്തുകളും കിഴക്കു കിഴുവിലം പഞ്ചായതുമായി അതിർത്തി പങ്കിടുന്നു.ഈ പഞ്ചായത്തു പ്രദേശം കായലുകളും സമതല പ്രദേശങ്ങളും ഉൾപ്പെടുന്ന 18 വാർഡുകൾ ചേർന്ന് രൂപീകൃതമായതാണ്.

അഴൂർ ഗ്രാമ പഞ്ചായത്തിൽ 2000 ആണ്ട്

ജൂലൈ മാസത്തിൽ ശാസ്ത്രസാഹിത്യ പരിഷത് എന്ന സംഘടനയുടെ സഹായത്തിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുകയും പഞ്ചായത്തിന്റെ തനതായ ബെലോക്ക് അനുസരിച്ചു പ്രവർത്തിച്ചു വരികയായിരുന്നു. 2002 ജനുവരി മാസം 24 തീയതി പഞ്ചായത്തിന്റെ ഒരു കെട്ടിടം കുടുംബശ്രീ ഓഫീസിനായി നൽകി ഓഫീസിൽ ഉദ്ഘാടനവും കുടുംബശ്രീ പ്രഖ്യാപനവും നടത്തി. കുടുംബശ്രീയുടെ നിയമാവലിക്കു അനുസൃതമായി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

കഴിഞ്ഞ 20 വർഷക്കാലം അഴൂർ കുടുംബശ്രീ CDS പിന്നിട്ട വഴികൾ വളരെ നിഷ്ക്രിയവും ക്രിയാത്മകവുമായ പ്രവർത്തങ്ങളിലൂടെയാണ് കടന്നു പോയത്.CDS ന്റെ ഈ കഴിഞ്ഞ ഭരണ സമിതി കാലയളവിൽ ഒട്ടനവധി പ്രവർത്തനങ്ങൾ അഴൂർ സി ഡി സ് ന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. അഴൂർ കുടുംബശ്രീ സി ഡി എസ് ൽ എപ്പോൾ 335 അയൽക്കൂട്ടവും അതിൽ 5198 അഗഗ്ഗളുംആണ് ഉള്ളത്.

.



അഴൂർ പഞ്ചായത്ത് സമൂഹ അടുക്കളയിലേക്ക് 50000 രൂപയുടെ ചെക്ക് പോത്തൻകോട് ബ്ലോക്ക് പ്രസിഡന്റ് ഷാനിബബീഗം അഴൂർ പഞ്ചായത്ത് പ്രസിഡന്റ് ടി ഇന്ദിരയ്ക്ക് കൈമാറുന്നു

## റിലീഫ് കിറ്റ് വിതരണം ചെയ്തു

**തിരുവനന്തപുരം**

കേരള സഹൃദയ വേദി തിരുവനന്തപുരം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന കോവിഡ് 19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമാ

## സമൂഹ അടുക്കളയിലേക്ക് സഹായം

**ചിറയിൻകീഴ്**

അഴൂർ പഞ്ചായത്ത് സമൂഹ അടുക്കളയിലേക്ക് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായമായി 50000രൂപയുടെ ചെക്ക് ബ്ലോക്ക് പ്രസിഡന്റ് ഷാനിബബീഗം അഴൂർ പഞ്ചായത്ത് പ്രസിഡന്റ് ടി ഇന്ദിരയ്ക്ക് കൈമാറി. ബ്ലോക്ക് വൈസ് പ്രസിഡന്റ് യാസർ, അഴൂർ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ അനിൽ, പഞ്ചായത്ത് സെക്രട്ടറി ചന്ദ്രബാബു തുടങ്ങിയവർ പങ്കെടുത്തു.

## <u>കമ്യൂണിറ്റി കിച്ചൻ</u>

COVID 19 എന്ന രോഗ ബാധയോട് അനുബന്ധിച്ചു സാദാരണക്കാരായ ജനങ്ങൾക്ക് പ്രത്യേകിച്ച് അഗതികൾ, പാലിയേറ്റിവ് കെയർ രോഗികൾ, സ്നേഹിതാ കോളിംഗ്ബെൽ ഗുണഭോക്താക്കൾ വഴിയോരങ്ങളിലും കടതിണ്ണകളിലും അന്തിയുറങ്ങുന്നവർ,അഥിതി തൊഴിലാളികർ എന്നിവർക്ക് ലോക്കഡോൺ കാലത്തു കുടുംബ ശ്രീ കമ്യുണിറ്റി കിച്ചൻ വഴി ഭക്ഷണ പൊതികൾ എത്തിച്ചു.ഇതിനാവശ്യമായ പച്ചക്കറികൾ എല്ലാ ദിവസവും വിവിധ JLG കൃഷി ഗ്രുപ്പിൽ നിന്നും സൗജന്യമായും അല്ലാതെയും എത്തിച്ചു.
.






പൊതു വിതരണ സംമ്പ്രദായം വഴി ലഭ്യമാക്കിയ ഭക്ഷ്യ ധന്യ കിറ്റിന്റെ പങ്കാളിയായി.വയോജന അയൽക്കൂട്ടങ്ങൾക്കു COVID 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ് നടത്തുകയും കൊറോണ വൈറസിന്റെ വ്യാപനത്തെക്കുറിച്ചും വരാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി.

## <u>സൂക്ഷ്മ സംഭരംഭം</u>

സർക്കാർ പ്രഖ്യാപനം അനുസരിച്ച് 20000 ൽ അധികം മാസ്കുകൾ കുടുംബശ്രീ തയ്യൽ യൂണിറ്റുകൾ വഴി തയ്ച്ചു നൽകി രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളിയായി .കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾക്കു യോഗം ചേരാൻ കഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങൾക്കും വാട്സപ് ഗ്രുപ് രൂപീകരിചു. യഥാസമയം മിഷന്റെ നിർദ്ദേശങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിന് CDS നു കഴിഞ്ഞു.

# <u>മൈക്രോ ഫിനാൻസ്</u>

.ലോക്ക് ഡൌൺ കാലത്ത് അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടു കണക്കിലെടുത്തു കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ച CMLS വായ്പ പദ്ധതി 220 അയൽക്കൂട്ടങ്ങളിലെ 2744 അംഗങ്ങൾക്ക് 26584410 രൂപയുടെ വായ്പ പാക്കേജ് SBI പെരുങ്ങുഴി,സർവീസ്CO-OP ബാങ്ക്മുട്ടപ്പലം കേരള ഗ്രാമീണ ബാങ്ക് പെരുങ്ങുഴി എന്നീ ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കി .




അഴൂർ ഗ്രാമ പഞ്ചായത്തും കൃഷി ഓഫീസും കുടുംബശ്രീ CDS ഉം സംയുക്തമായി സർക്കാർ നിർദ്ദേശപ്രകാരം സുഭിക്ഷം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്തുതല സമിതിയും വാർഡുതല സമിതിയും വിളിച്ചു ചേർത് തരിശായി കിടക്കുന്നതും അല്ലാതെയുമായ കൃഷിയിടങ്ങൾ കണ്ടെത്തി സംയോജന സാദ്ധ്യതകൾ ആരാഞ്ഞു കൃഷി വ്യാപിക്കുന്നതിനുള്ള വഴി,വരാനിരിക്കുന്ന ഭക്ഷ്യ ക്ഷാമത്തെ അതിജീവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

അഴൂർ പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി സഹകരിച്ച് മഴക്കാല പൂർവ ശുചീകരണ പ്രവർതനങ്ങൾ നടത്തുന്നതിനും ആയതിനു CDS ലെ മുഴുവൻ അയൽക്കൂട്ട അംഗങ്ങളെയും പങ്കാളിയാക്കികൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും നടത്തി വന്നിരുന്ന ഭക്ഷ്യ ധന്യ കിറ്റ് ലോക്ക്ഡൗൺ കണക്കിലെടുത്തു എല്ലാ അഗതി കുടുംബങ്ങളിലും ഗ്രാമപഞ്ചായത്തിന്റെ വാഹനത്തിൽ വീട് വീടാന്തരം കൊണ്ടെത്തിച്ചു അഗതികളുടെ സുരക്ഷിതത്വം നിലനിർത്തുന്നതിന് അഴൂർ CDS നു കഴിഞ്ഞു.




കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിൻറെ ഭാഗമായി പ്രവാസികളുടെയും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികളുടെയും തിരിച്ചു വരവ് കണക്കിലെടുത്തു നടത്തുന്ന ക്രമീകരണ പ്രവർത്തനങ്ങളിൽ പഞ്ചായത്തു തലത്തിലും വാർഡ് തലത്തിലും രൂപീകരിച്ച കമ്മറ്റികളിൽ കുടുംബശ്രീ പ്രവർത്തകർ വളരെ നല്ല ഇടപെടലാണ് നടത്തിവരുന്നത് .

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മലയാളികളുടെ ഹോം കോറന്റൈൻ സുരക്ഷിതമാണെന്നുള്ളത് ശ്രദ്ധയിൽ പെടുത്തുന്നതിന് CDS ൻറെ നേതൃത്വത്തിൽ അയൽക്കൂട്ടാനകൾക്കു വാട്സപ് ഗ്രുപ് വഴി ചുമതല നൽകി.

## <u>ലോക്ക്ഡൗൺ കാർഷിക മത്സരം</u>

### അടുക്കളത്തോട്ടവും മൈക്രോഗ്രീൻ കൃഷിയും പാചക മത്സരവും

എല്ലാ വാർഡുകളിലെയും അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സപ് ഗ്രുപ് തുടങ്ങി. പങ്കെടുക്കുന്ന അംഗങ്ങളുടെ ഓരോ ദിവസത്തെയും കൃഷിയുടെ പുരോഗതി ഗ്രുപ്പിൽ അയക്കുകയും ചെയ്തു.അതിൽ നിന്നും ഏറ്റവും മികച്ച കൃഷി ഗ്രുപ്പിനെ തിരഞ്ഞെടുക്കുകയും ബ്ലോക്ക് തല മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.ഇതിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച ഗ്രുപ്പുകളെ തിരഞ്ഞെടുത്തു.



സംസ്ഥാനത്തുണ്ടാകുന്ന ഏത് പ്രതിസന്ധിയെയും തരണം ചെയ്യുന്നതിന് കുടുംബശ്രീയുടെ ത്രിതല സങ്കടന സംവിദാനം സുസജ്ജമായിരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കു അയൽക്കൂട്ടങ്ങളെ പ്രാപ്തരാക്കി.

**JLG**



അഴൂർ ഗ്രാമപഞ്ചായത്തിലെ മുട്ടപ്പലം, മരങ്ങാട്ടുകോണം ഏലായിൽ ശക്തമായ കാറ്റിൽ നശിച്ച വാഴത്തോട്ടം കൃഷി വകുപ്പ് അധികൃതരും പഞ്ചായത്ത് അംഗങ്ങളും സന്ദർശിക്കുന്നു.

# അഴൂരിൽ 30,000 കുലവാഴ കാറ്റിൽ നിലംപൊത്തി

ചിറയിൻകീഴ് ● അഴൂരിൽ പ്രകൃതിക്ഷോഭത്തിൽപ്പെട്ടു വൻ കൃഷിനാശത്തിനിരയായ വാഴക്കർഷകരുടെ ദുഃഖത്തിൽ പങ്കുചേർന്ന് അഴൂർ കൃഷി ഓഫിസറും സ്ഥലത്തെ ജനപ്രതിനിധികളും. മേഖലയിൽ രണ്ടു ദിവസങ്ങൾക്കു മുൻപുണ്ടായ ശക്തമായ കാറ്റിലും പേമാരിയിലുംപെട്ടു 30,000ത്തോളം കുല വാഴകളാണു കാറ്റിൽ നിലംപരിശായത്. മുട്ടപ്പലം നെടുവേലി വീട്ടിൽ സുരേഷ്, മുടപുരം കുടത്തിൽ വീട്ടിൽ ബൈജുലാൽ, വണ്ടിത്തടം വീട്ടിൽ പുഷ്പദേവൻ എന്നിവർ പാട്ടത്തിനെടുത്ത തരിശുഭൂമിയിൽ കൃഷിചെയ്തിരുന്ന വാഴകൾ പൂർണമായി കാറ്റിൽ നിലംപൊത്തി.

ഗ്രാമപഞ്ചായത്തിലെ കൃഷ്ണപുരം, മരങ്ങാട്ടുകോണം, ചിറ്റാരിക്കോണം, താഴെമുട്ടപ്പലം, ഇടയിലം, തെക്കേക്കോണം, ചേമ്പുംമൂല, മുടപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുള്ള വയലേലകളിൽ കൃഷിഭവന്റെ സഹകരണത്തോടെ 40ഏക്കറോളം വരുന്ന സ്ഥലത്താണു വാഴക്കൃഷി നടത്തിയിരുന്നത്.

വായ്പയെടുത്തു വാഴക്കൃഷിക്കിറങ്ങിയ കർഷകർക്കു ലക്ഷങ്ങളുടെ നഷ്ടമാണു ഉണ്ടായിട്ടുള്ളത്. കൃഷിയിടം സ്വകാര്യ ഭൂവുടമകളിൽ നിന്നു പാട്ടത്തിനെടുത്തിട്ടുള്ളതിനാൽ കൃഷി ഇൻഷൂർ ചെയ്യാനുള്ള സൗകര്യം ലഭ്യമാവാത്തതു കർഷകരെ കടുത്ത ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. വാഴക്കർഷകരിലൊരാളായ സുരേഷ് അനവധി തവണ ഗ്രാമപഞ്ചായത്തുതലത്തിൽ മികച്ച കർഷകനുള്ള പുരസ്കാരം നേടിയിട്ടുണ്ട്.

അഴൂർ കൃഷി ഓഫിസർ അനശ്വര, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രതിപക്ഷനേതാവ് എസ്.കൃഷ്ണകുമാർ, അഴൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ.ഓമന, അഴൂർവിജയൻ എന്നിവരും കൃഷിയിടത്തിലെത്തി നാശങ്ങൾ വിലയിരുത്തുകയും കർഷകരെ ആശ്വസിപ്പിക്കുകയും ചെയ്തു. ഉടൻ ധനസഹായം ലഭ്യമാക്കണമെന്നു ജനപ്രതിനിധികൾ ആവശ്യപ്പെട്ടു.

കാലവർഷക്കെടുതിയിൽ വാണിതോതിൽ കൃഷിനാശം സംഭവിച്ച മുട്ടപ്പലം,മരങ്ങാട്ടുകോണം എന്നീ വാർഡുകളിലെ JLG കൃഷി ഗ്രുപ്പുകൾ വാർഡ് മെമ്പറും CDS ചെയർപേഴ്സനും ADS അംഗവും കൂടി കൃഷി നാശം സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ചു.




എല്ലാദിവസവും കമ്മ്യൂണിറ്റി കിച്ചണിനിലേക്കു JLG ഗ്രുപ്പുകളിൽ നിന്നും പച്ചക്കറികൾ എത്തിച്ചു.

SARANYA J S

BC AGRI&AH

PH:9746851112

അഴൂർ CDS ചെർപേഴ്സൺ

J B റാണി

PH: 9400035683